കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡി. എ. വർദ്ധിപ്പിക്കാൻ നടപടി

92 [2961] ശ്രീ. ഷിബു ബേബി ജോൺ:
,, ടി. എം. ജേക്കബ്:
,, ജോണി നെല്ലൂർ:
,, കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന ഡി.എ. എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതും സംസ്ഥാന ജീവനക്കാരുടെ ഡി.എ.യും തമ്മിലുള്ള അന്തരം എത്രയാണ്;

(സി) ജീവനക്കാർക്ക് പുതുതായി ഡി.എ. അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇപ്പോൾ 37% ഡി.എ. ആണ് നൽകിവരുന്നത്.

(ബി) ഇതും സംസ്ഥാന ജീവനക്കാരുടെ ഡി.എ. യും തമ്മിൽ 22%-ന്റെ അന്തരം ഉണ്ട്.

(സി) സാമ്പത്തികനില കണക്കിലെടുത്ത് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യിൽ വോളിബോൾ ടീം പുനഃസ്ഥാപിക്കാൻ നടപടി

93 [2962] ശ്രീ. ജോണി നെല്ലൂർ:
,, കെ. ബി. ഗണേഷ്കുമാർ:
,, ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വോളിബോൾ ടീം ഉണ്ടായിരുന്നോ എന്നു വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഈ ടീം പ്രവർത്തിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) ടീമിൽ എത്ര അംഗങ്ങൾ ഉണ്ടായിരുന്നു; ഇവർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർ ഇപ്പോൾ സർവ്വീസിൽ ഏത് തസ്തികകളിൽ ജോലി ചെയ്യുന്നു;

(ഇ) ഈ ടീമിനെ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly